# ക്രിമിനൽ നിയമ പരിഷ്കരണ സമിതിയെ എതിർക്കുക!

## ഇപ്പോഴല്ല! ഇങ്ങനെയല്ല! നമ്മൾ എല്ലാവരെയും ഉൾപ്പെടുത്താതെ അല്ല!

രാജ്യമൊട്ടാകെ മഹാമാരി പടർന്നു 40,000ൽ അധികം മരണം രേഖപ്പെടുത്തിയതിൻറെ ഇടയിലും കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഒരു 5 അംഗ സമിതിയെ നിയമിക്കുകയുണ്ടായി. രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ടത് എന്ന് വിശേഷിപ്പിക്കുവാൻ സാധിക്കുന്ന 3 നിയമങ്ങളെ- ഇന്ത്യൻ ശിക്ഷാ നിയമം (Indian Penal Code), ക്രിമിനൽ പ്രൊസീജ്യർ കോഡ് (Criminal Procedure Code), ഇന്ത്യൻ എവിഡൻസ് ആക്ട് (Indian Evidence Act) എന്നിവയെ നവീകരിക്കുവാൻ വേണ്ടിയാണു ഈ സമിതി രൂപീകരിക്കപ്പെട്ടത്. സമഗ്രവും സുതാര്യവും ആയി നടത്തേണ്ട ഈ പ്രക്രിയ, പക്ഷെ, തികച്ചും രഹസ്യാത്മകവും വിവിധ താല്പര്യങ്ങളെ ഒഴിവാക്കുന്ന രീതിയിലും ആണ് ഇത് വരെ നടന്നത്. പരിഷ്കരണത്തിൻറെ പേരിൽ ഈ നിയമങ്ങളെ ഏകപക്ഷീയമായി മാറ്റാനുള്ള ശ്രമത്തെ ഈ രാജ്യത്തെ പൗരന്മാരായ നമ്മൾ എതിർക്കേണ്ടിയിരിക്കുന്നു.

- **ക്രിമിനൽ നിയമം പരിഷിക്കേണ്ട സമിതിയിൽ എല്ലാ ജനവിഭാഗങ്ങളുടെയും പ്രാതിനിധ്യം വേണം** - നിലവിലെ സമിതിയിൽ ഉള്ളത് മുംബൈ, ഡൽഹി എന്നിവിടങ്ങളിൽ നിന്നുള്ള 5 പുരുഷന്മാർ മാത്രം ആണ്. സ്ത്രീകൾ, പട്ടികജാതി-പട്ടികവർഗ വിഭാഗക്കാർ, ഭിന്നലിംഗക്കാർ, ലൈംഗികന്യൂനപക്ഷങ്ങൾ, മതന്യൂനപക്ഷങ്ങൾ, വിമുക്ത ജാതിയിൽ ഉള്ളവർ, വികലാംഗർ എന്നിവരുടെ പ്രാതിനിധ്യം ഈ സമിതിയിൽ ഇല്ല. കാലാകാലങ്ങൾ ആയി പോലീസ് ക്രൂരതക്കും അഴിമതിക്കും അനുപാതമില്ലാതെ ഇരയായിക്കൊണ്ടിരിക്കുന്ന വിഭാഗങ്ങളുടെ ശബ്ദം ഇല്ലാത്ത ഒരു സമിതിക്ക് എങ്ങനെയാണ് ഈ നിയമങ്ങളെ 'പരിഷ്കരിക്കാനുള്ള' ചുമതല ഏറ്റെടുക്കാൻ കഴിയുക?
- **COVID-ൻറെ മറവിൽ നിർണായക നിയമങ്ങളിൽ മാറ്റം വരുത്താൻ പാടില്ല** - COVID മഹാമാരി കണക്കിലെടുത്തു രാജ്യവ്യാപകമായി ലോക്ക്ഡൌൺ പ്രഖ്യാപിച്ച സമയത്ത് തന്നെ ഇങ്ങനെയൊരു സമിതി എന്തുകൊണ്ടാണ് കേന്ദ്ര ആഭ്യന്തരമന്ത്രാലയം രൂപീകരിച്ചത്? കോടതികൾ കഷ്ടിച്ച് പ്രവർത്തിക്കുന്ന, അഭിഭാഷകരും പൗരന്മാരും ഉപജീവനം നേടാൻ കഷ്ടപ്പെടുന്ന, പൊതുയോഗങ്ങൾക്ക് വിലക്കുള്ള, പൊതുജനാരോഗ്യ സംവിധാനം അത്യപൂർവമായ സമ്മർദ്ദത്തിൽ കഴിയുന്ന ഈ വേളയിൽ തന്നെ എന്തിനാണ് ഇത്രയും പ്രാധാന്യമുള്ള നിയമങ്ങൾ മാറ്റുവാൻ ചിന്തിക്കുന്നത്?
- **ക്രിമിനൽ നിയമങ്ങൾ ശ്രദ്ധാപൂർവ്വം വിശദീകരിക്കുന്നതിന് മതിയായ സമയം ആവശ്യമാണ്** - രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട 3 നിയമങ്ങളെ, അതും 150 വർഷത്തോളമായി വളർന്നുകൊണ്ടിരിക്കുന്ന നിയമതത്വങ്ങളെ, മാറ്റിമറിക്കുവാൻ ഈ സമിതിക്ക് നൽകിയ സമയം കേവലം 6 മാസം ആണ്! സാധാരണസമയങ്ങളിൽ പോലും ഇത്തരം ഒരു കർത്തവ്യത്തിന് മതിയായ കൂടിയാലോചനകൾ ഈ സമയപരിധിക്കുള്ളിൽ ചെയ്യുക എന്നത് അസാധ്യമാണ്. അസാധാരണസമയങ്ങളിൽ ഏർപ്പെടുത്തിയ ഇത്തരം ഒരു

സമയപരിധിയിൽ കൂടി ഈ നടപടികൾ മുന്നേ തീരുമാനിച്ചുറപ്പിച്ച പദ്ധതികൾ നടപ്പിലാക്കാനുള്ള കേവലം ഒരു പുകമറ ആണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

- **പൊതുജനവുമായുള്ള കൂടിയാലോചന നന്നായി പരസ്യപ്പെടുത്തേണ്ടതും സമഗ്രവും സുതാര്യവുമായ രീതിയിൽ നടത്തേണ്ടതും ആണ്** - സമിതിയുടെ പൊതുസംവാദ പ്രക്രിയയിൽ പൊതുജനത്തിനും സംവാദത്തിനും യാതൊരു പങ്കും ഇല്ലായിരുന്നു. ഡൽഹിയിൽ നിന്നുള്ള തിരഞ്ഞെടുക്കപ്പെട്ട ചില അഭിഭാഷകർക്ക് മാത്രം ആണ് സമിതി നടത്തിയ ഓൺലൈൻ സംവാദത്തിനുള്ള ക്ഷണം ലഭിച്ചത്. മറ്റു 'വിദഗ്ധർക്ക്' സ്വമേധയാ ഇതിൽ പങ്കെടുക്കാൻ സാങ്കേതികതടസ്സങ്ങൾ ഇല്ലായിരുന്നു എങ്കിലും ഇത്തരം ഒരു നടപടിയെ പറ്റി ജനങ്ങളെ അറിയിക്കുവാനോ പൊതു അഭിപ്രായം തേടുവാനോ സമിതി മുൻകൈ എടുത്തില്ല. സമിതിയുടെ എല്ലാ വിജ്ഞാപനങ്ങളും ചോദ്യാവലികളും പരസ്യങ്ങളും ഇംഗ്ലീഷിൽ മാത്രം ആയിരുന്നു പ്രസിദ്ധീകരിച്ചിരുന്നത്! ഈ സമിതിയെ നിയന്ത്രിക്കുന്ന മാർഗരേഖകൾ ഇത് വരെ പൊതുജനത്തിനുമുന്നിൽ പരസ്യമാക്കിയിട്ടില്ല. കൂടിയാലോചനകൾക്ക് വേണ്ടി ഇറക്കുന്ന ചോദ്യാവലികൾ, അവ സമർപ്പിക്കാനുള്ള സമയപരിധി തീരുന്നതിനു 28 ദിവസങ്ങൾക്ക് മുൻപ് മാത്രം ആണ് പ്രസിദ്ധീകരിക്കുന്നത്. മാത്രമല്ല ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമേ ചോദ്യാവലികൾക്ക് മറുപടി കൊടുക്കുവാൻ സാധിക്കുള്ളൂ.

- **ഏതൊരു നിയമ പരിഷ്കരണവും സൂക്ഷ്മമായ വസ്തുതകളും വ്യക്തമായ ലക്ഷ്യങ്ങളും അടിസ്ഥാനമാക്കിയുള്ളതായിരിക്കണം** - ഏതൊരു നിയമപരിഷ്കാരത്തിനു മുൻപും അവയെക്കുറിച്ചുള്ള ഗവേഷണങ്ങളും അതിനെക്കുറിച്ചുള്ള പൊതുസംവാദങ്ങളും നടക്കേണ്ടതാണ്. മുൻകാലങ്ങളിൽ നിയമപരിഷ്കരണ സമിതികളും മറ്റു സ്വയംഭരണ സമിതികളും ഇത്തരം വിപുലമായ നടപടികളിൽ കൂടിയാണ് നിയമപരിഷ്കരണത്തിനായുള്ള ശുപാർശകൾ നൽകിയിരുന്നത്. ആ പ്രക്രിയ ഇപ്പോൾ ഉപേക്ഷിക്കപ്പെടാൻ കാരണം എന്താണ്?

**കുറ്റവും ശിക്ഷയും നമ്മെ എല്ലാവരെയും ബാധിക്കുന്നതാണ്.**

**നാമെല്ലാവരുടെയും അഭിപ്രായം അവ ഉൾക്കൊള്ളണം.**

**ഈ കപടസമിതിയെ നാമെല്ലാവരും തിരസ്കരിക്കുക - മറിച്ചു യഥാർത്ഥത്തിൽ ഉള്ള പൊതുസംവാദം ആവശ്യപ്പെടുക**

*പൊതുജനതാല്പര്യാർത്ഥം: സിറ്റിസൺസ് എഗൈൻസ്റ് ദി ക്രിമിനൽ ലോ റിഫോം കമ്മിറ്റി*